Draft #2 of File 77923/EB 8-1/2020/EB 8 Approved by ASSISTANT REGISTRAR III (ACADEMIC) on 04-Feb-2021 11:33 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സി ബി സി എസ് എസ് 2017 ആറാം സെമസ്റ്റർ B Sc Model III Microbiology/Biotechnology പ്രോഗ്രാമുകളുടെ പ്രോജെക്റ്റ് ഇവാല്യവേഷൻ സംബന്ധിച്ച്:-

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 774/AC A 9/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.02.2021

---

*പരാമർശം:*-1 .10.12.2020 തീയതിയിൽ B Sc Biotechnology, B Sc Microbiology, എന്നീ പ്രോഗ്രാമുകളുടെ പ്രാക്ടിക്കൽ /പ്രോജെക്റ്റ് മൂല്യനിർണയ സമിതി ചെയർപേഴ്സൺമാർ നൽകിയ ശുപാർശകൾ

2 .13.01.2021 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ്

**ഉത്തരവ്**

പരാമർശം(1) പ്രകാരം 10.12.2020 തീയതിയിൽ B Sc Biotechnology, B Sc Microbiology, എന്നീ പ്രോഗ്രാമുകളുടെ പ്രാക്ടിക്കൽ /പ്രോജെക്റ്റ് മൂല്യനിർണയ സമിതി ചെയർപേഴ്സൺമാർ നൽകിയ കത്തിൽ ,സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ബി.എസ്.സി. ബയോടെക്നോളജി/മൈക്രോബയോളജി (മോഡൽ III സി.ബി.സി.എസ്.2017 ) പ്രോഗ്രാമുകളുടെ സിലബസിൽ Project & Industrial Visit Report ഉൾപ്പെട്ടിട്ടുള്ളതായി അറിയിച്ചിരുന്നു. പ്രസ്തുത പ്രോഗ്രാമുകളുടെ അഞ്ചാം സെമസ്റ്റർ കാലയളവിലാണ് എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും വിദ്യാർത്ഥികൾ വിവിധ റിസേർച്ച് ഇൻസ്റ്റിട്യൂട്ടുകളിലോ അതാത് കോളേജുകളിലോ ആയി project work ചെയ്യുന്നതെന്നും, കോവിഡ് 19 നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ project work ചെയ്യുവാൻ വിദ്യാർത്ഥികൾക്ക് സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട് .അഞ്ചാം സെമെസ്റ്ററിൽ റഗുലർ ക്ലാസുകൾ സാധ്യമല്ലാത്ത സാഹചര്യത്തിൽ, ആറാം സെമെസ്റ്ററിൽ പ്രാക്ടിക്കൽ നടത്തേണ്ടതാണെന്ന ശുപാർശ ചെയ്തിട്ടുണ്ട് പ്രസ്തുത പ്രോഗ്രാമുകൾ പൂർത്തീകരിക്കുന്നതിനായി പ്രോജക്റ്റ് evaluation നടത്തേണ്ടതായിട്ടുള്ളതിനാൽ, project work ഇനിയും നീട്ടികൊണ്ടു പോകുവാൻ സാധിക്കില്ല എന്ന ബന്ധപ്പെട്ട കോളേജുകളുടെ അഭിപ്രായം കണക്കിലെടുത്തുകൊണ്ടു പ്രോജക്റ്റ് evaluation നടത്തുന്നതിന് താഴെ പറഞ്ഞിരിക്കുന്ന ബദൽ മാർഗ്ഗം പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട് .വിദ്യാർത്ഥികൾ, അവരുടെ താത്പര്യാർത്ഥം ഒരു വിഷയം തിരഞ്ഞെടുക്കുകയും, അതിന്മേൽ ഒരു proposal review സ്റ്റാൻഡേർഡ് ഫോർമാറ്റിൽ തയ്യാറാക്കുകയും ചെയ്യണം. ആറാം സെമസ്റ്റർ പ്രാക്ടിക്കൽ പരീക്ഷാ സ്കീമിനോടൊപ്പം, പ്രസ്തുത proposal/review - ൻറെ മൂല്യനിർണ്ണയത്തിനായി വിശദമായ ഒരു സ്കീം ആറാം സെമസ്റ്റർ പരീക്ഷാ മൂല്യനിർണ്ണയ സമിതി തയാറാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മേൽ ശുപാർശകൾ 13.01.2021 തീയതിയിൽ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു(പരാമർശം (2)) .തദനുസരണം ഉത്തരവു പുറപ്പെടുവിക്കുന്നു .

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വി സി / പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി എ മാർ
3.Dr.Seema Panicker, സെന്റ് മേരീസ് കോളേജ് തിരുവല്ല
4.Prof.സിന്ധു കെ ജോർജ് ,സെന്റ് മേരീസ് കോളേജ് തിരുവല്ല
5 .ജെ ആർ /ഡി ആർ / എ ആർ(അക്കാദമിക് )
6.ജെ ആർ/ /ഡി ആർ /എ ആർ (പരീക്ഷാവിഭാഗം )
7.സി ബി സി എസ് എസ് സെക്ഷനുകൾ
8.എ സി എ 1/CAP CELL/റെക്കോർഡ്സ് സെക്ഷൻ
9.Content Management (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്താൻ )
10.ഐ ക്യു എ സി
11.കരുതൽ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 77923/EB 8-1/2020/EB 8 Approved by ASSISTANT REGISTRAR III (ACADEMIC) on 04-Feb-2021 11:33 PM - Page 2